**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 596** **08-10-2024 - ൽ മറുപടിയ്ക്ക്**

**ആഗോള നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ ഒന്നാമത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുള്ള നിക്ഷേപം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും വേണ്ടി ഒട്ടനവധി നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിൽ പ്രധാനപ്പെട്ടത് ഇയർ ഓഫ് എന്റർപ്രൈസ് പദ്ധതിയാണ് ഇതുവഴി നാളിതുവരെ സംസ്ഥാനത്ത് 3,01,665 പുതിയ സംരംഭങ്ങൾ അധികമായി സ്ഥാപിതമാകുകയും 6,41,173 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 19,546.25 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.<br><br>സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖലകളിൽ വളരെ അധികം നേട്ടങ്ങളാണ് നാളിതുവരെയായി കേരളം കൈവരിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷ കാലയളവിൽ (2018-19 മുതൽ 2022-23 വരെ) കേരളത്തിലേക്കു മാത്രം ആകർഷിച്ച നിക്ഷേപം ഏകദേശം 91,573 കോടി രൂപയുടേതാണെന്ന് ദേശീയ തലത്തിൽ, എം.എസ്.എം.ഇ-എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിയ പഠനമായ 'സ്റ്റഡി ഓൺ ഇൻവെസ്റ്റ്മെന്റ്, ഗ്രോത്ത് ആൻഡ് ഡെവലപ്മെന്റ്' എന്നതിന്റെ റിപ്പോർട്ടിൽ ചൂണ്ടി കാണിക്കുന്നു. കൂടാതെ 2018-19 മുതൽ 2022-23 വരെയുള്ള കാലയവിൽ 33,815 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ സംസ്ഥാനത്ത് പൂർത്തിയായതായും പഠനം പറയുന്നു.<br><br>സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും, വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ |

ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ- നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാവിഭാഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ഈ പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാക്കുവാനും ടി വ്യവസായ നയത്തിന് കഴിയുന്നതാണ്.

വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി, കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള പുതിയ നിക്ഷേപങ്ങളും തുടർ നിക്ഷേപവും നടത്തിയ സംരംഭകരുടെ സംഗമം നടത്തിയിരുന്നു. 15000 കോടി രൂപയുടെ നിക്ഷേപമാണ് ഈ ഗണത്തിൽ പുതിയതായി വന്നിട്ടുള്ളത്. മാത്രമല്ല സർക്കാരിന്റെ നവീന ആശയങ്ങൾക്ക് സഹായകമാകുന്നതിനു വേണ്ടി വ്യവസായ നയം പോലെ, ഗ്രഫീൻ നയം, കയറ്റുമതി പ്രോത്സാഹന നയം, കേരള ഇ.എസ്.ജി. നയം പോലുള്ള വിവിധ നയങ്ങൾ നിലവിൽ സർക്കാർ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കൂടാതെ, ആധുനിക സാങ്കേതികതയിൽ അധിഷ്ഠിതമായ മേഖലകളായ ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ, നിർമ്മിത ബുദ്ധി, ഹൈ-ടെക് എഞ്ചിനീയറിംഗ് എന്നിവയിലും വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി സർക്കാർ കരട് നയങ്ങൾ രൂപീകരിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിയ്ക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇത് വഴി സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായ

| | | | |
|---|---|---|---|
| | | | നിക്ഷേപങ്ങൾ ആകർഷിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| (ബി) | സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനായി ആഗോള നിക്ഷേപ സംഗമം 2025 ഫെബ്രുവരി 21, 22 തീയതികളിലായി കൊച്ചിയിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി 22 വ്യത്യസ്ത മുൻഗണനാമേഖലകളും പ്രത്യേകം പരിശോധിക്കുന്നതിനായി സമ്മേളനങ്ങളും, ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി റോഡ് ഷോകളും നടത്തിവരുന്നു. |
| (സി) | ആഗോള നിക്ഷേപക സംഗമവുമായി ബന്ധപ്പെട്ട് ഏതൊക്കെ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ആഗോള നിക്ഷേപക സംഘവുമായി ബന്ധപ്പെട്ട് വ്യവസായ നയത്തിൽ പറഞ്ഞിരിക്കുന്ന 22 വ്യത്യസ്ത മുൻഗണനാമേഖലകളിൽ സമ്മേളനവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, എഡ് ടെക്നോളജി, ലോജിസ്റ്റിക്സ് & മാരിടൈം എന്നീ മുൻഗണനാ മേഖലകളിലുള്ള സമ്മേളനം കഴിഞ്ഞു. കൂടുതൽ മേഖലകളിലെ സമ്മേളനങ്ങൾ ആഗോള നിക്ഷേപ സംഗമത്തിന് മുൻപായി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ